# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6512 — 03/04/2018 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. ആശുപത്രി വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ ആശുപത്രികളും 143 ഇ.എസ്.ഐ ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് 14.12.2016 ലെ സ.ഉ(സാ) നം. 1539/16/തൊഴിൽ പ്രകാരം മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിലും ടി സ്ഥാപനത്തിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി 21.12.2017 ലെ സ.ഉ(കൈ)നം. 107/17/തൊഴിൽ പ്രകാരം പുതുതായി രൂപീകരിച്ചിട്ടുണ്ട്.<br><br>തൊഴിലാളികൾക്ക് ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് 2017-18 ലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. ഫെറോക്ക്, പേരൂർക്കട ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. |

എല്ലാ ഇ.എസ്.ഐ ഡിസ്പെൻസറികളിലും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള ടെലിഫോൺ കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികളിൽ ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും, ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ഇ.സി.ജി മെഷീൻ, ആട്ടോക്ലേവ് മെഷീൻ, ഒ.ടി ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്തു ജില്ലകളിലായി 14 എൻ.സി.ഡി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2017-18 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ താഴെകൊടുക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

- സീനിയർ റസിഡന്റ്സ്, ഫാർമസിസ്റ്റ് നിയമനം.
- ലബോറട്ടറി നവീകരണം
- ആംബുലൻസ് സംവിധാനം
- മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്
- പാലക്കാട്, ഫറോക്ക്, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രികളിൽ ആയുഷ് യൂണിറ്റ്
- VIBGYOR പവർ ലോൺട്രി
- ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ്<br>• ഫ്രണ്ട് ഓഫീസ് & sign board at ESI Hospitals.<br>• ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി |
| (ബി) | കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | തോട്ടട ഇ.എസ്.ഐ ആശുപത്രിയിലെ ബെഡ് ഒക്കുപ്പൻസി 30% ൽ താഴെ ആയതിനാൽ ടി ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശുപാർശ ഇ.എസ്.ഐ കോർപ്പറേഷൻ നിരാകരിച്ചിരുന്നു. ഇക്കാര്യം പുനഃപരിശോധിക്കണം എന്ന് ഇ.എസ്.ഐ കോർപ്പറേഷനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഒരു സംസ്ഥാനത്ത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും രണ്ട് ആശുപത്രികളും മാത്രമേ ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ട് നടത്തുകയുള്ളൂ എന്ന് 18.12.2015 ൽ ചേർന്ന ഇ.എസ്.ഐ കോർപ്പറേഷന്റെ 167-ാമത് മീറ്റിംഗിൽ തീരുമാനം എടുത്തിരുന്നു. ഇപ്പോൾ കേരളത്തിൽ കൊല്ലം ജില്ലയിലെ ആശ്രാമം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും ഉദ്യോഗമണ്ഡൽ, ഏഴുകോൺ ആശുപത്രികളും ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ടാണ് നടത്തുന്നത് എന്നതിനാൽ തോട്ടട ഇ.എസ്.ഐ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണം എന്ന ആവശ്യം ഇ.എസ്.ഐ കോർപ്പറേഷൻ വീണ്ടും നിരാകരിച്ചിരുന്നു. ഈ സാഹചര്യത്തിൽ ടി ആശുപത്രി സംസ്ഥാന സർക്കാർ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**